LIBRARY ARCHIVES Kerala Legislative Assembly

കോക്കല്ലൂർ-കുളത്തൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്ക്കൂളിലെ തസ്തികകൾ

107 [1517] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോക്കല്ലൂർ-കുളത്തൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ അനുവദിക്കപ്പെട്ട തസ്തികകൾ എത്രയാണ് എന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ഈ തസ്തികകളിൽ ഏതെല്ലാം ഒഴിഞ്ഞുകിടക്കുന്നു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) കോക്കല്ലൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ 12 എച്ച്. എസ്. എസ്. ടി. തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇവിടെ എച്ച്. എസ്. എസ്. ടി. ജൂനിയർ വിഭാഗത്തിൽ തസ്തികകൾ ഒന്നുമില്ല. കുളത്തൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ 13 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 7 എണ്ണം എച്ച്. എസ്. എസ്. ടി. (ജൂനിയർ) തസ്തികയും 6 എണ്ണം എച്ച്. എസ്. എസ്. ടി. തസ്തികയുമാണ്. കോക്കല്ലൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ എച്ച്. എസ്. എസ്. ടി. യുടെ 2 തസ്തികകളും കുളത്തൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ 7 എച്ച്. എസ്. എസ്. ടി. (ജൂനിയർ) തസ്തികകളും ഒഴിഞ്ഞുകിടക്കുകയാണ്.

പുതുതായി ഗവൺമെന്റ് എയ്ഡഡ് ഹയർ സെക്കണ്ടറി സ്ക്കൂളുകൾ അനുവദിക്കുന്ന നടപടി

108 [1518] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഈ വർഷം പുതുതായി അനുവദിച്ചിട്ടുള്ള ഗവൺമെന്റ് എയ്ഡഡ് ഹയർ സെക്കണ്ടറി സ്ക്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് നൽകുമോ?

ഉത്തരം

സംസ്ഥാനത്ത് ഈ വർഷം പുതുതായി അനുവദിച്ചിട്ടുള്ള എയ്ഡഡ് ഹയർ സെക്കണ്ടറി സ്ക്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് താഴെ കൊടുക്കുന്നു:

തിരുവനന്തപുരം

എൻ. എസ്. എസ്. ഹൈസ്കൂൾ